*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ്*
*ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/1/DGE_HSE/2022* *02/09/2022*

# സർക്കുലർ

സൂചന : 1) GO(Rt)No. 3095/2012/Gl.Edn Thiruvananthapuram Dated 02/07/2012
2) GO(MS)No. 283/12/G.Edn Dated Thiruvananthapuram 14/09/2012
3) GO(MS)No.18/13/G.Edn Dated Thiruvananthapuram 18/01/2013
4) 2022 ലെ പ്രോസ്പക്ടസ്.

**വിഷയം : സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലേയും കുട്ടികളുടെയും പ്ലസ് വൺ പ്രവേശനം : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം, സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്ക് അവർ അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റിൽ പ്രവേശനം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിദ്യാർഥികൾ സാമൂഹിക ക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് വകുപ്പതലവന്മാർ ഉറപ്പ് വരുത്തുവാനും നിർദ്ദേശിച്ചിരുന്നു.

സൂചന 2 ഉത്തരവ് പ്രകാരം, ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലേയും മറ്റ് സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർഥികൽക്ക് അവർ അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിദ്യാർഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് വകുപ്പതലവന്മാർ ഉറപ്പ് വരുത്തുവാനും ഏകജാലക സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ അഡ്മിഷമിഷൻ നടത്തുവാനും നിർദ്ദേശിച്ചിരുന്നു.

സൂചന 3 ഉത്തരവ് പ്രകാരം മേൽ ഉത്തരവുകളുടെ പ്രാബല്യം 2012-13 അധ്യയന വർഷം മുതൽ എന്നാക്കി ഉത്തരവായിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്കും ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലേയും മറ്റു സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾക്കും **ഏകജാലക സംവിധാനത്തിൽ അപേക്ഷിച്ചിട്ടും മുഖ്യഘട്ടത്തിലും ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിലും അനുയോജ്യമായ സ്കൂൾ/കോഴ്സിൽ പ്രവേശനം ലഭിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം അവർ**

**അന്തേവാസികളായ സ്ഥാപന മേധാവി/ സൂപ്രണ്ട് പ്രസ്തുത വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , പ്രസ്തുത വിദ്യാർഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന ജില്ലാ സോഷ്യൽ ജസ്റ്റിസ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് ഏകജാലക സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ പ്രവേശനം 2022 സെപ്റ്റംബർ 15 മുതൽ 20 വരെയുള്ള തീയതികളിൽ നൽകേണ്ടതാണ്.**

ഇപ്രകാരം പ്രവേശനം നൽകുന്നതിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ, സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റ് സൃഷ്ടിച്ച് നൽകുന്നതാണ്.

ഇപ്രകാരം പ്രവേശനം നൽകുന്ന വിദ്യാർത്ഥികൾക്ക് സൂചന 4 പ്രോസ്പക്റ്റസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവേശന യോഗ്യത ഉണ്ടെന്നും ടി സ്ഥാപനങ്ങളിലെ അന്തേവാസികളാണെന്നും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്.

.

ഇത്തരത്തിലുള്ള പ്രവേശനവിവരങ്ങൾ അപേക്ഷാനമ്പർ, അഡ്മിഷൻ നമ്പർ , അഡ്മിഷൻ നൽകിയ തീയതി ,പ്രവേശനം നൽകിയ കോഴ്സും കോഡും, രണ്ടാം ഭാഷ , കൊമേഴ്സ് വിഷയ കോമ്പിനേഷനാണെങ്കിൽ അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ(CA/AFS), അഡ്മിഷൻ രജിസ്റ്ററിലെ നിർദ്ദിഷ്ട പേജ് എന്നിവ അടങ്ങിയ പ്രിൻസിപ്പാളിന്റെ റിപ്പോർട്ടും ,യോഗ്യതാ സർട്ടിഫിക്കറ്റ് , പ്രസ്തുത വിദ്യാർഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന ജില്ലാ സോഷ്യൽ ജസ്റ്റിസ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം **ഐ.സി.റ്റി. സെല്ലിലേക്കു 2022 സെപ്റ്റംബർ 23 ന് വൈകിട്ട് 5 മണിക്കുള്ളിൽ ലഭിക്കത്തക്കവിധം** തപാലിൽ അയച്ചു കേന്ദ്രീക്രിത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**